"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - പത്തനംതിട്ട കിടങ്ങന്നൂർ എസ്.വി.ജി.വി.എച്ച്.എസ്.എസ്.ലെ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ശ്രീമതി സജിത വി.നായർ ബഹു:കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം.42804/2023-മേലുള്ള 19/12/2023 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.4397/2024/GEDN തീയതി,തിരുവനന്തപുരം, 15-07-2024**

---

പരാമർശം:-
1. ശ്രീമതി സജിത വി.നായർ സമർപ്പിച്ച 07.12.2023-ലെ റിവിഷൻ ഹർജി. (എക്സിബിറ്റ് പി-7)
2. ബഹു:കേരള ഹൈക്കോടതിയുടെ റിട്ട് ഹർജി നം.42804/2023-മേലുള്ള 19/12/2023-ലെ വിധിന്യായം.
3. ചെങ്ങന്നൂർ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ (ഹയർ സെക്കൻഡറി വിഭാഗം) 05/02/2024-ലെ RDD/HSE/CNGR/98/2024-C2 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കൻഡറി വിഭാഗം) 12/02/2024-ലെ HSE/1000/2024-Acd.A3 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട കിടങ്ങന്നൂർ എസ്.വി.ജി.വി.എച്ച്.എസ്.എസ്.ലെ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ശ്രീമതി സജിത വി.നായർ ബഹു:കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം.42804/2023-മേലുള്ള 19/12/2023-ലെ വിധിന്യായത്തിൽ, ഹർജിക്കാരിയെയും നാലാം എതിർകക്ഷിയായ മാനേജരെയും കേൾക്കുന്നതിനും, എക്സിബിറ്റ് പി-7 റിവിഷൻ ഹർജി പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ 01/03/2024 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

**2. ഹർജിക്കാരി ശ്രീമതി സജിത വി.നായർ തന്റെ വാദഗതികൾ ചുവടെപ്പറയും പ്രകാരം ബോധിപ്പിച്ചു.**

"എക്സിബിറ്റ് പി-1 : എന്നെ ഹയർ സെക്കൻഡറി സ്കൂൾ റ്റീച്ചർ (ജൂനിയർ) ഗണിതമായി

13/07/2011 മുതൽ 25/09/2015 വരെ ഒരു അവധി ഒഴിവിൽ കിടങ്ങന്നൂർ എസ്.വി.ജി.വി. ഹയർ സെക്കൻഡറി സ്കൂളിൽ നിയമിക്കുകയും ഈ നിയമനം തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ 23.08.2011-ലെ ഉത്തരവ് പ്രകാരം അംഗീകരിക്കുകയും ഉണ്ടായി.

എക്സിബിറ്റ് പി-2 : എന്നെ HSST (ജൂനിയർ) ഗണിതമായി വീണ്ടും 16.08.2021-ൽ 15.07.2021-ൽ ഉണ്ടായ ഒരു പ്രൊമോഷൻ ഒഴിവിൽ ഈ സ്കൂളിൽ തന്നെ വീണ്ടും നിയമിക്കുകയുണ്ടായി.

എക്സിബിറ്റ് പി-3 : പക്ഷേ ചെങ്ങന്നൂർ ആർ.ഡി.ഡി. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട 25.06.2002-ലെ G.O.(P)111/2022/G.Edn പാലിച്ചല്ല നിയമനം നടത്തിയത് എന്ന കാരണം പറഞ്ഞു നിരസിക്കുകയുണ്ടായി.

25.06.2022-ലെ Ext.P4 ഉത്തരവിന്റെ ഒമ്പതാം ഖണ്ഡികയിൽ ഗവൺമെന്റ് കൃത്യമായി അവകാശികളുടെ നിയമനം അംഗീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാത്രമല്ല, 28.10.2022-ലെ Ext.P5 ഉത്തരവിൽ അവകാശികളുടെ നിയമനം അംഗീകരിക്കുന്നതിന് യാതൊരു തടസ്സവും ഇല്ലെന്ന് വ്യക്തമാക്കിയിട്ടുമുണ്ട്.

ചെങ്ങന്നൂർ RDD ഇതൊന്നും അംഗീകരിക്കാതെ എന്റെ പുനർനിയമനത്തിനുള്ള അവകാശം നിഷേധിക്കുകയാണ് ഉണ്ടായത്.

എക്സിബിറ്റ് പി-6 : ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ജയശ്രീയും ഹയർ സെക്കൻഡറി ഡയറക്ടറും (2009(2)KHC 424) എന്ന കേസിലെ വിധിന്യായത്തിൽ KER അധ്യായം 32-ൽ പ്രത്യേക വ്യവസ്ഥ ഇല്ല എന്നുള്ള ഒറ്റക്കാരണത്താൽ ഹയർ സെക്കൻഡറി അധ്യാപകർക്ക് സർവീസ് ആനുകൂല്യങ്ങൾ നിഷേധിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഹയർ സെക്കൻഡറി അധ്യാപകർക്ക് ശമ്പള ആനുകൂല്യങ്ങളും പെൻഷൻ ആനുകൂല്യങ്ങളും ലഭിക്കുന്നതോടൊപ്പം അച്ചടക്കനടപടിയും അധ്യായം 32-ൽ പ്രത്യേക വ്യവസ്ഥ ഇല്ലെങ്കിൽ പോലും സ്വീകരിക്കുന്നുണ്ട്. അതിനാൽ പുനർനിയമനത്തിനുള്ള അവകാശവും ഹയർ സെക്കൻഡറി അധ്യാപകർക്കുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഗവൺമെന്റും ഈ വിധിന്യായത്തിന്റെ അന്തസ്സത്ത പാലിച്ചുകൊണ്ട് പുനർനിയമനത്തിനുള്ള അവകാശവും ഉയർന്ന പ്രായപരിധിയിൽ നിന്നുള്ള ഇളവും പുനർനിയമനത്തിനു സെലക്ഷൻ കമ്മിറ്റി ഒഴിവാക്കിക്കൊണ്ടും ഉത്തരവായിട്ടുണ്ട്. ഒരു അക്കാദമിക് വർഷത്തിൽ കുറയാത്ത സേവനം സിദ്ധിച്ചിട്ടുള്ള ഹയർ സെക്കൻഡറി അധ്യാപകർക്ക് ചട്ടം 51A അവകാശികൾക്കുള്ള എല്ലാ അവകാശങ്ങളും അംഗീകരിച്ചു നൽകിയിട്ടുണ്ട്. അതിനാൽ ജയശ്രീ കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി വ്യക്തമാക്കിയതു പോലെ 51A അവകാശികൾക്ക് ലഭ്യമായ എല്ലാ പ്രയോജനങ്ങളും ഒരു അക്കാദമിക് വർഷത്തിൽ കുറയാത്ത സേവനം സിദ്ധിച്ചിട്ടുള്ള ഹയർ സെക്കൻഡറി

അധ്യാപകർക്ക് ലഭിച്ചുവരുന്നുണ്ട്. അതിനാൽ എനിക്കും 51A അവകാശത്തിനുള്ള അർഹതയുണ്ട് എന്നുള്ളത് വ്യക്തമാണ്. പക്ഷേ എന്റെ അവകാശം നിഷേധിച്ചുകൊണ്ട് ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പാലിച്ചു മാത്രമേ എന്റെ നിയമനം നടത്താൻ കഴിയൂ എന്ന് നിബന്ധന വച്ചുകൊണ്ടാണ് എന്റെ നിയമനം ചെങ്ങന്നൂർ ആർ.ഡി.ഡി. നിരസിച്ചിട്ടുള്ളത്.

എക്സിബിറ്റ് പി-7 : ചെങ്ങന്നൂർ ആർ.ഡി.ഡി.യുടെ ഉത്തരവിനെതിരെ, എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഗണിതമായി എന്നെ 16/08/2021-ൽ പുനർനിയമിച്ചത് എന്റെ മുൻകാല സേവനത്തിന്റെ അടിസ്ഥാനത്തിലാണെന്നും അതുകൊണ്ട് സെലക്ഷൻ കമ്മിറ്റി ഇല്ലാതെയും വയസ്സിളവ് ലഭിച്ചുമാണ് നിയമിച്ചത് എന്നുള്ളതുകൊണ്ടും ഞാനും പുനർനിയമനത്തിനുള്ള ഒരു അവകാശിയാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ എന്റെ പുനർനിയമനം അംഗീകരിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഗവൺമെന്റിലേക്ക് 31/10/2022-ൽ ഞാനൊരു റിവിഷൻ പെറ്റീഷൻ സമർപ്പിക്കുകയുണ്ടായി.

ഈ നിവേദനം സമയബന്ധിതമായി പരിഗണിച്ച് തീർപ്പാക്കണമെന്ന് ഗവൺമെന്റിനോട് നിർദ്ദേശിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ബഹു:കേരള ഹൈക്കോടതിയിൽ ഡബ്ല്യൂപി(സി)നം.42804/2023 ഫയൽ ചെയ്യുകയും ബഹു:കേരള ഹൈക്കോടതി 19/12/2023-ൽ എന്റെ നിവേദനം എന്നെ നേരിൽകേട്ട് മൂന്നു മാസത്തിനകം തീർപ്പ് കൽപ്പിക്കണമെന്ന് ഗവൺമെന്റിനോട് നിർദ്ദേശിക്കുകയുമുണ്ടായി.

എന്റെ ഹർജി പരിഗണിക്കുന്നതിന് ആവശ്യമായ കാരണങ്ങൾ

i. എനിക്ക് 13/07/2011 മുതൽ 25/09/2015 വരെ 4 അക്കാദമിക് വർഷം ഹയർ സെക്കൻഡറി സ്കൂൾ റ്റീച്ചർ (ജൂനിയർ) ഗണിതമായി ഈ സ്കൂളിൽ തന്നെ അംഗീകൃത സേവനം സൃഷ്ടിച്ചിട്ടുള്ളതാണ് അതുകൊണ്ടുതന്നെ എനിക്ക് പുനർനിയമനത്തിന് അവകാശമുള്ളതാണെന്ന് ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്.
ii. 16/08/2021-ൽ എനിക്ക് പുനർനിയമനം നൽകുമ്പോൾ ഞാൻ ഉയർന്ന പ്രായപരിധി കടന്നിട്ടുള്ളതാണെങ്കിലും എന്റെ മുൻകാല സേവനം പരിഗണിച്ചുകൊണ്ട് ഉയർന്ന പ്രായപരിധിയിൽ നിന്ന് എനിക്ക് ഇളവു നൽകിയിട്ടുള്ളതാണ്. എന്നെ 16/08/2021-ൽ നിയമിച്ചിട്ടുള്ളത് നേരിട്ടുള്ള നിയമനത്തിന് ബാധകമായ സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുകയോ സെലക്ഷൻ കമ്മിറ്റിയുടെ സെലക്ഷൻ പ്രകാരമോ അല്ല പുനർനിയമനം എനിക്ക് നൽകിയിട്ടുള്ളത് അതുകൊണ്ടുതന്നെ എനിക്ക് പുനർനിയമനത്തിനുള്ള അവകാശം ഉണ്ടെന്ന് ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാണ്.
iii. ഒരു ചട്ടം 51A അവകാശിക്കുള്ള എല്ലാ ആനുകൂല്യങ്ങളും എനിക്ക് സിദ്ധിച്ചിട്ടുണ്ട്.
iv. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി എക്സിബിറ്റ് പി-6 ജയശ്രീ കേസിലെ വിധിന്യായത്തിൽ KER അദ്ധ്യായം XXXII-ൽ വ്യക്തമായി നിർവചിച്ചിട്ടില്ല

എന്നുള്ള ഒറ്റക്കാരണം കൊണ്ട് ഹയർ സെക്കൻഡറി അദ്ധ്യാപകർക്കു സർവ്വീസ് ആനുകൂല്യങ്ങൾ നിഷേധിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

v. 16/08/2021-ൽ എന്നെയല്ലാതെ മറ്റാരെയും നിയമിക്കാൻ മാനേജ്മെന്റിനു യാതൊരു അവകാശവും ഇല്ലാത്തതാണ്. അതായത് എന്റെ 16/08/2021-ലെ നിയമനം ചട്ടപ്രകാരം നിർബന്ധിതമായി തീർന്നിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ ഞാൻ പുനർനിയമനത്തിന് ഒരു അവകാശി ആണെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവും ഇല്ല എന്നുള്ളത് വ്യക്തമാണ്.

vi. എക്സിബിറ്റ് പി-8. 03/10/2019-ലെ ഗവൺമെന്റ് ഉത്തരവു പ്രകാരം ജയശ്രീ കേസിലെ വിധിന്യായം അംഗീകരിച്ചുകൊണ്ടാണ് ഒരു ചട്ടം 51A അവകാശിക്കുള്ള അവകാശം അംഗീകരിച്ചുകൊണ്ടാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

vii. എക്സിബിറ്റ് പി-9. 29/04/2023-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം 51A അവകാശിയുടെ അവകാശം മുൻകാല സേവനത്തിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കൻഡറി അധ്യാപകർക്കുണ്ട് എന്നുള്ളത് അംഗീകരിച്ചുകൊണ്ടാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

viii. എക്സിബിറ്റ് പി-10: 10/10/2023-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം 51A അവകാശിയുടെ അവകാശം മുൻകാല സേവനത്തിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കൻഡറി അധ്യാപകർക്കുണ്ട് എന്നുള്ളത് അംഗീകരിച്ചുകൊണ്ടാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

ix. എക്സിബിറ്റ് പി-11: 17/08/2023-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം 51A അവകാശിയുടെ അവകാശം മുൻകാല സേവനത്തിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കൻഡറി അധ്യാപകർക്കുണ്ട് എന്നുള്ളത് അംഗീകരിച്ചുകൊണ്ടാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

x. എക്സിബിറ്റ് പി-12: എന്നെ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഗണിതമായി നിയമിച്ചത് എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ശ്രീമതി സിന്ധുവിനെ എച്ച്.എസ്.എസ്.റ്റി. ആയി പ്രൊമോട്ട് ചെയ്തു നിയമിച്ച ഒഴിവിലാണ്. ശ്രീമതി സിന്ധുവിന്റെ നിയമനം 23/06/2023-ലെ ഉത്തരവ് പ്രകാരം 15/07/2021 മുതൽ ചെങ്ങന്നൂർ ആർ.ഡി.ഡി. അംഗീകരിച്ചിട്ടുണ്ട്. അതിനാൽ എന്നെ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഗണിതമായി നിയമിച്ച ഒഴിവു വ്യവസ്ഥാപിതമായിട്ടുണ്ട്.

എക്സിബിറ്റ് പി-6, പി-8, പി-9, പി-10, പി-11 ഉത്തരവുകൾ പ്രകാരം 51A അവകാശിക്ക് അർഹമായ എല്ലാ അവകാശങ്ങളും ലഭിക്കാൻ എനിക്ക് അവകാശമുണ്ട്.

ഈ സാഹചര്യത്തിൽ എന്റെ 16/08/2021 മുതലുള്ള പുനർനിയമനം ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട ഉത്തരവിന് വിധേയമല്ലാത്തതാണ്.

അതിനാൽ എന്റെ 16/08/2021 മുതലുള്ള ഹയർ സെക്കൻഡറി സ്കൂൾ റ്റീച്ചർ (ജൂനിയർ) ഗണിതമായുള്ള 15/07/2021 മുതലുള്ള പ്രൊമോഷൻ ഒഴിവിലെ പുനർനിയമനം അംഗീകരിക്കുന്നതിന് ഉത്തരവാകണമെന്ന് ആദരവോടെ അപേക്ഷിക്കുന്നു."

**3. കിടങ്ങന്നൂർ എസ്.വി.ജി.വി. ഹയർ സെക്കൻഡറി സ്കൂൾ മാനേജരുടെ വാദഗതികൾ ചുവടെപ്പറയും പ്രകാരമാണ്:**

"ശ്രീമതി സജിത വി.നായരെ ഹയർ സെക്കൻഡറി സ്കൂൾ റ്റീച്ചർ (ജൂനിയർ) ഗണിതമായി 13/07/2011 മുതൽ 25/09/2015 വരെ ഒരു അവധി ഒഴിവിൽ കിടങ്ങന്നൂർ എസ്.വി.ജി.വി. ഹയർ സെക്കൻഡറി സ്കൂളിൽ നിയമിക്കുകയും ഈ നിയമനം തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ 23.08.2011-ലെ ഉത്തരവു പ്രകാരം അംഗീകരിക്കുകയും ഉണ്ടായി.

ശ്രീമതി സജിത വി.നായരെ HSST (ജൂനിയർ) ഗണിതമായി വീണ്ടും 16.08.2021-ൽ 15.07.2021-ൽ ഉണ്ടായ ഒരു പ്രൊമോഷൻ ഒഴിവിൽ ഈ സ്കൂളിൽ തന്നെ വീണ്ടും നിയമിക്കുകയുണ്ടായി.

പക്ഷേ ചെങ്ങന്നൂർ ആർ.ഡി.ഡി. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട 25.06.2002-ലെ G.O.(P)111/2022/G.Edn പാലിച്ചല്ല നിയമനം നടത്തിയത് എന്ന കാരണം പറഞ്ഞു നിരസിക്കുകയുണ്ടായി.

25.06.2022-ലെ G.O.(P)111/2022/G.Edn-ന്റെ ഒമ്പതാം ഖണ്ഡികയിൽ ഗവൺമെന്റ് കൃത്യമായി അവകാശികളുടെ നിയമനം അംഗീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട് മാത്രമല്ല 28.10.2022-ലെ ജെ3/49/2021/പൊവിവ ഉത്തരവിൽ അവകാശികളുടെ നിയമനം അംഗീകരിക്കുന്നതിന് യാതൊരു തടസ്സവും ഇല്ലെന്ന് വ്യക്തമാക്കിയിട്ടുമുണ്ട്.

ചെങ്ങന്നൂർ RDD ഇതൊന്നും അംഗീകരിക്കാതെ പുനർനിയമത്തിനുള്ള അവകാശം നിഷേധിക്കുകയാണ് ഉണ്ടായത്.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ജയശ്രീയും ഹയർ സെക്കൻഡറി ഡയറക്ടറും (2009(2)KHC 424) എന്ന കേസിലെ വിധിന്യായത്തിൽ KER അധ്യായം 32-ൽ പ്രത്യേക വ്യവസ്ഥ ഇല്ല എന്നുള്ള ഒറ്റക്കാരണത്താൽ ഹയർ സെക്കൻഡറി അധ്യാപകർക്ക് സർവീസ് ആനുകൂല്യങ്ങൾ നിഷേധിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഹയർ സെക്കൻഡറി അധ്യാപകർക്ക് ശമ്പള ആനുകൂല്യങ്ങളും പെൻഷൻ ആനുകൂല്യങ്ങളും ലഭിക്കുന്നതോടൊപ്പം അച്ചടക്ക നടപടിയും അധ്യായം 32-ൽ പ്രത്യേക വ്യവസ്ഥ ഇല്ലെങ്കിൽ പോലും സ്വീകരിക്കുന്നുണ്ട്. അതിനാൽ പുനർനിയമനത്തിനുള്ള അവകാശവും ഹയർ സെക്കൻഡറി അധ്യാപകർക്കുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഗവൺമെന്റും ഈ വിധിന്യായത്തിന്റെ അന്തസ്സത്ത പാലിച്ചുകൊണ്ട് പുനർനിയമനത്തിനുള്ള അവകാശവും ഉയർന്ന പ്രായപരിധിയിൽ നിന്നുള്ള ഇളവും പുനർനിയമനത്തിനു സെലക്ഷൻ കമ്മിറ്റി ഒഴിവാക്കിക്കൊണ്ടും ഉത്തരവായിട്ടുണ്ട്. ഒരു അക്കാദമിക് വർഷത്തിൽ കുറയാത്ത സേവനം സിദ്ധിച്ചിട്ടുള്ള ഹയർ സെക്കൻഡറി അധ്യാപകർക്ക് ചട്ടം 51A അവകാശികൾക്കുള്ള എല്ലാ അവകാശങ്ങളും അംഗീകരിച്ചു നൽകിയിട്ടുണ്ട്. അതിനാൽ ജയശ്രീ കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി വ്യക്തമാക്കിയതു പോലെ 51A അവകാശികൾക്ക് ലഭ്യമായ എല്ലാ പ്രയോജനങ്ങളും ഒരു അക്കാദമിക് വർഷത്തിൽ കുറയാത്ത സേവനം സിദ്ധിച്ചിട്ടുള്ള ഹയർ സെക്കൻഡറി അധ്യാപകർക്ക് ലഭിച്ചുവരുന്നുണ്ട്. അതിനാൽ ശ്രീമതി സജിത വി.നായർക്കും 51A അവകാശത്തിനുള്ള അർഹതയുണ്ട് എന്നുള്ളത് വ്യക്തമാണ്. പക്ഷേ ശ്രീമതി സജിത വി.നായരുടെ അവകാശം നിഷേധിച്ചുകൊണ്ട് ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പാലിച്ചു മാത്രമേ ശ്രീമതി സജിത വി.നായരുടെ നിയമനം നടത്താൻ കഴിയൂ എന്ന് നിബന്ധന വച്ചുകൊണ്ടാണ് ശ്രീമതി സജിത വി.നായരുടെ നിയമനം ചെങ്ങന്നൂർ ആർ.ഡി.ഡി. നിരസിച്ചിട്ടുള്ളത്.

ശ്രീമതി സജിത വി.നായരുടെ ഹർജി പരിഗണിക്കുന്നതിന് ആവശ്യമായ കാരണങ്ങൾ:-

i. ശ്രീമതി സജിത വി.നായർക്ക് 13/07/2011 മുതൽ 25/09/2015 വരെ 4 അക്കാദമിക് വർഷം ഹയർ സെക്കൻഡറി സ്കൂൾ റ്റീച്ചർ (ജൂനിയർ) ഗണിതമായി ഈ സ്കൂളിൽ തന്നെ അംഗീകൃത സേവനം സൃഷ്ടിച്ചിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ ശ്രീമതി സജിത വി.നായർക്ക് പുനർനിയമനത്തിന് അവകാശമുള്ളതാണെന്ന് ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്.
ii. 16/08/2021-ൽ ശ്രീമതി സജിത വി.നായർക്ക് പുനർനിയമനം നൽകുമ്പോൾ അവർ ഉയർന്ന പ്രായപരിധി കടന്നിട്ടുള്ളതാണെങ്കിലും അവരുടെ മുൻകാല സേവനം പരിഗണിച്ചുകൊണ്ട് ഉയർന്ന പ്രായപരിധിയിൽ നിന്ന് അവർക്ക് ഇളവു നൽകിയിട്ടുള്ളതാണ്. ശ്രീമതി സജിത വി.നായരെ 16/08/2021-ൽ നിയമിച്ചിട്ടുള്ളത് നേരിട്ടുള്ള നിയമനത്തിന് ബാധകമായ സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുകയോ സെലക്ഷൻ കമ്മിറ്റിയുടെ സെലക്ഷൻ പ്രകാരമോ അല്ല പുനർനിയമനം ശ്രീമതി സജിത വി.നായർക്ക് നൽകിയിട്ടുള്ളത് അതുകൊണ്ടുതന്നെ അവർക്ക് പുനർനിയമനത്തിനുള്ള അവകാശം ഉണ്ടെന്ന് ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാണ്.
iii. ഒരു ചട്ടം 51A അവകാശിക്കുള്ള എല്ലാ ആനുകൂല്യങ്ങളും അവർക്കു സിദ്ധിച്ചിട്ടുണ്ട്.
iv. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി എക്സിബിറ്റ് പി-6 ജയശ്രീ കേസിലെ വിധിന്യായത്തിൽ KER അദ്ധ്യായം XXXII-ൽ വ്യക്തമായി നിർവചിച്ചിട്ടില്ല എന്നുള്ള ഒറ്റക്കാരണം കൊണ്ട് ഹയർ സെക്കൻഡറി അദ്ധ്യാപകർക്കു സർവ്വീസ് ആനുകൂല്യങ്ങൾ നിഷേധിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

v. 16/08/2021-ൽ ശ്രീമതി സജിത വി.നായരെയല്ലാതെ മറ്റാരെയും നിയമിക്കാൻ മാനേജ്മെന്റിനു യാതൊരു അവകാശവും ഇല്ലാത്തതാണ്. അതായത് അവരുടെ 16/08/2021-ലെ നിയമനം ചട്ടപ്രകാരം നിർബന്ധിതമായി തീർന്നിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ ശ്രീമതി സജിത വി.നായർ പുനർനിയമനത്തിന് ഒരു അവകാശി ആണെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവും ഇല്ല എന്നുള്ളത് വ്യക്തമാണ്.

vi. ശ്രീമതി സജിത വി.നായരെ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഗണിതമായി നിയമിച്ചത് എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ശ്രീമതി സിന്ധുവിനെ എച്ച്.എസ്.എസ്.റ്റി. ആയി പ്രൊമോട്ട് ചെയ്തു നിയമിച്ച ഒഴിവിലാണ്. ശ്രീമതി സിന്ധുവിന്റെ നിയമനം 23/06/2023-ലെ ഉത്തരവ് പ്രകാരം 15/07/2021 മുതൽ ചെങ്ങന്നൂർ ആർ.ഡി.ഡി. അംഗീകരിച്ചിട്ടുണ്ട്. അതിനാൽ ശ്രീമതി സജിത വി.നായരെ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഗണിതമായി നിയമിച്ച ഒഴിവു വ്യവസ്ഥാപിതമായിട്ടുണ്ട്.

vii. 51A അവകാശിക്ക് അർഹമായ എല്ലാ അവകാശങ്ങളും ലഭിക്കാൻ ശ്രീമതി സജിത വി.നായർക്ക് അവകാശമുണ്ട്.

ഈ സാഹചര്യത്തിൽ ശ്രീമതി സജിത വി.നായരുടെ 16/08/2021 മുതലുള്ള പുനർനിയമനം ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട ഉത്തരവിന് വിധേയമല്ലാത്തതാണ്.

അതിനാൽ ശ്രീമതി സജിത വി.നായരുടെ 16/08/2021 മുതലുള്ള ഹയർ സെക്കൻഡറി സ്കൂൾ റ്റീച്ചർ (ജൂനിയർ) ഗണിതമായുള്ള 15/07/2021 മുതലുള്ള പ്രൊമോഷൻ ഒഴിവിലെ പുനർനിയമനം അംഗീകരിക്കുന്നതിന് ഉത്തരവാകണമെന്ന് ആദരവോടെ അപേക്ഷിക്കുന്നു."

**4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കൻഡറി വിഭാഗം) റിപ്പോർട്ട് ചുവടെപ്പറയും പ്രകാരമാണ്:**

"പത്തനംതിട്ട കിടങ്ങന്നൂർ എസ്.വി.ജി.വി. ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി. ഗണിതം ശ്രീമതി ആശ കെ.എസ്. ശൂന്യവേതനാവധി എടുത്തതിനെ തുടർന്ന്, ടി തസ്തികയിൽ എച്ച്.എസ്.എസ്.റ്റി. ജൂനിയർ ഗണിതം ആയിരുന്ന ശ്രീമതി സിന്ധു വി.ആർ.ന് ബൈട്രാൻസ്ഫർ നിയമനം നൽകിയതിനെ തുടർന്നുണ്ടായ എച്ച്.എസ്.എസ്.റ്റി. ജൂനിയർ ഗണിതം ഒഴിവിൽ 30/10/2010-ലെ പത്രപരസ്യത്തിന്റെ അടിസ്ഥാനത്തിൽ 09/11/2010-ലെ സെലക്ഷനിലൂടെ മാനേജർ ശ്രീമതി സജിത വി.നായരെ 13/07/2011 മുതൽ 25/09/2015 വരെ നിയമിക്കുകയും തിരുവനന്തപുരം മേഖല ഉപമേധാവിയുടെ 23/08/2011 തീയതിയിലെ TRO/6/10582/11/HSE ഉത്തരവിലൂടെ ടി നിയമനം അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ടിയാരി 13/07/2011 മുതൽ തസ്തികയിൽ തുടരുകയും 12/07/2013-ൽ ടിയാളുടെ പ്രൊബേഷൻ

പൂർത്തീകരിച്ചിട്ടുള്ളതുമാണ്. തുടർന്ന് സർവ്വീസിൽ നിന്നും പുറത്തുപോയ ശ്രീമതി സജിത വി.നായരെ ടി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി. ജൂനിയർ ഗണിതം ആയിരുന്ന ശ്രീമതി സിന്ധു ആർ.ന് എച്ച്.എസ്.എസ്.റ്റി. ഗണിതം തസ്തികയിൽ 15/07/2021 മുതൽ ബൈട്രാൻസ്ഫർ ലഭിച്ചതുമൂലമുണ്ടായ ഒഴിവിലേക്ക് 16/08/2021 പ്രാബല്യത്തിൽ മാനേജർ നിയമിച്ചുകൊണ്ട് ചെങ്ങന്നൂർ മേഖല ഉപമേധാവി കാര്യാലയത്തിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതാണ്.

ടി നിയമനം നേരിട്ടുള്ള നിയമനാകയാൽ ഭിന്നശേഷി സംവരണത്തിന് വിധേയമായി പുന:സമർപ്പിക്കുവാൻ നിർദ്ദേശിച്ച് ചെങ്ങന്നൂർ മേഖല ഉപമേധാവി കാര്യാലയത്തിൽ നിന്നും പ്രൊപ്പോസൽ മടക്കിയിട്ടുള്ളതാണ്. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട റോസ്റ്റർ സമർപ്പിക്കുന്നതിലെ വീഴ്ചയോ റോസ്റ്ററിലെ അപാകതയോ മാത്രമാണ് നിയമനാംഗീകാരം നൽകാതിരിക്കാനുള്ള കാരണമെങ്കിൽ അത് കണക്കിലെടുക്കാതെ, മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ 18/11/2018-നും 08/11/2021-നും ഇടയ്ക്കുണ്ടാകുന്ന ഒഴിവുകളിൽ നിയമിക്കപ്പെടുന്നവർക്ക് പ്രൊവിഷണലായി നിയമനാംഗീകാരം നൽകുന്നതിനും 08/11/2021-ന് ശേഷം നിയമിക്കപ്പെടുന്നവർക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകുവാനും 01/11/2023-ലെ പൊവിവ.ജെ.ആർ.1/502/2003/പൊവിവ നമ്പർ കത്ത് പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

02/12/2023-ൽ ശ്രീമതി സജിത വി.നായരുടെ നിയമനാംഗീകാര അപേക്ഷ മാനേജർ പുന:സമർപ്പിച്ചു. അത് ശ്രീമതി സജിത വി.നായർക്ക് 13/07/2011 മുതൽ 30/05/2014 വരെ ശൂന്യവേതനാവധി ഒഴിവിൽ നിയമനാംഗീകാരം ലഭിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് മാനേജർ ടിയാൾക്ക് 16/08/2021 മുതൽ വ്യവസ്ഥാപിത ഒഴിവിൽ നേരിട്ടുള്ള രീതിയിൽ നിയമനം നൽകിയിരിക്കുന്നത്. 16/08/2021 തീയതിയിൽ ശ്രീമതി സജിത വി.നായരുടെ വയസ്സ് നിശ്ചിത പ്രായപരിധി അധികരിച്ചിട്ടുള്ളതാണ്. ടിയാരിയുടെ ജനനത്തീയതി 20/05/1980 ആണ്. ടിയാരി വയസ്സിളവിന് അർഹതയുള്ള വിഭാഗത്തിൽപ്പെടുന്നില്ല. 02/03/2013-ലെ 32285/റ്റി2/11/പൊവിവ നമ്പർ സർക്കാർ കത്ത് പ്രകാരം നിലവിൽ ഹയർ സെക്കൻഡറി മേഖലയ്ക്ക് കെ.ഇ.ആർ. അധ്യായം XIV A ചട്ടം 51A അവകാശം അനുവദിച്ച് നൽകിയിട്ടില്ല.

KER Chapter XXXII റൂൾ 5(1)ന്റെ താഴെയുള്ള നോട്ടിൽ പറയും പ്രകാരമോ അതിനുമുൻപ് നിലനിന്നിരുന്ന സർക്കാർ ഉത്തരവുകൾ പ്രകാരമോ രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി വഴി തെരഞ്ഞെടുക്കപ്പെട്ട് ഹ്രസ്വകാല ഒഴിവുകളിൽ എച്ച്.എസ്.എസ്.റ്റി./എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികകളിൽ ഒരു അക്കാദമിക് വർഷത്തിൽ കുറയാത്ത ഒഴിവുകളിൽ എയ്ഡഡ് സ്കൂളുകളിൽ നിയമിക്കപ്പെട്ട് അംഗീകാരം ലഭിക്കുകയോ അംഗീകാരം ലഭിക്കുന്നതിന് യോഗ്യതയുള്ളതോ ആയ എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് അതേ മാനേജ്മെന്റിലോ പ്രസ്തുത സ്കൂൾ മറ്റൊരു മാനേജ്മെന്റിന് ട്രാൻസ്ഫർ ചെയ്യപ്പെട്ടെങ്കിൽ പ്രസ്തുത മാനേജ്മെന്റിലെ സ്കൂളിലോ നിയമനം ലഭിക്കുന്നതിന് അധ്യാപക നിയമനങ്ങൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഉയർന്ന പ്രായപരിധി

ബാധകമാക്കേണ്ടതില്ലായെന്ന് 24/04/2018-ലെ 1032856/റ്റി1/2016/പൊവിവ സർക്കുലറിൽ വ്യക്തമാക്കുന്നുണ്ട്. അപ്രകാരം പരിഗണിച്ചാൽ ശ്രീമതി സജിത വി.നായരുടെ നിയമനം നേരിട്ടുള്ള നിയമനത്തിന്റെ പരിധിയിൽ വരുന്നതിനാൽ ടിയാരിക്ക് ഭിന്നശേഷി സംവരണത്തിന്റെ പരിധിയിൽ 18/11/2018-നും 08/11/2021-നും ഇടക്കുണ്ടായ ഒഴിവിലെ നിയമനമാകയാൽ പ്രൊവിഷണലായി നിയമനാംഗീകാരം നൽകുന്നതിന് മാത്രമേ സാധിക്കുകയുള്ളൂ.

02/12/2023-ൽ മാനേജർ പുന:സമർപ്പിച്ച ശ്രീമതി സജിത വി.നായരുടെ നിയമന പ്രൊപ്പോസൽ ചെങ്ങന്നൂർ മേഖല ഉപമേധാവി പരിഗണിക്കുന്ന അവസരത്തിൽ ടിയാരി ഇതു സംബന്ധിച്ച് ബഹു.ഹൈക്കോടതി മുമ്പാകെ റിട്ട് ഹർജി നമ്പർ 42804/2023 ഫയൽ ചെയ്തിട്ടുണ്ടെന്ന വിവരം അറിയുകയും അതിനാലാണ് കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളാതിരുന്നതെന്ന വിവരം ചെങ്ങന്നൂർ മേഖല ഉപമേധാവി 05/02/2024 തീയതിയിലെ RDD/HSE/CNGR/98/2024-C2 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്."

**5.** സർക്കാർ ഇക്കാര്യം ഹർജിക്കാരിയുടെയും മാനേജരുടെയും വാദങ്ങളുടെയും സമർപ്പിച്ച രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും വെളിച്ചത്തിൽ വിശദമായി പരിശോധിച്ചു. 13/07/2011 മുതൽ 25/09/2015 വരെയുള്ള എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഗണിതം തസ്തികയിലെ അവധി ഒഴിവിൽ ഹർജിക്കാരിക്ക് നിയമനാംഗീകാരം നൽകിയിട്ടുള്ളത് കണക്കിലെടുത്ത്, പ്രൊമോഷൻ മൂലം 15/07/2021 മുതലുണ്ടായ ഒഴിവിൽ 16/08/2021 മുതൽ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഗണിതം തസ്തികയിൽ നൽകിയ പുനർനിയമനം അംഗീകരിക്കണമെന്നതാണ് ഹർജിയിലെ ആവശ്യം.

**6.** 09/11/2010-ലെ സെലക്ഷനിലൂടെ തെരഞ്ഞെടുക്കപ്പെട്ട ഹർജിക്കാരിക്ക് LWA വേക്കൻസിയിൽ 13/07/2011 മുതൽ 25/09/2015 വരെ നിയമനാംഗീകാരം ലഭിച്ചിട്ടുണ്ട്. തുടർന്ന്, എച്ച്.എസ്.എസ്.റ്റി. ജൂനിയർ (ഗണിതം) ആയ ശ്രീമതി സിന്ധു ആർ.ന് 31/05/2021 AN-ന് എച്ച്.എസ്.എസ്.റ്റി. (ഗണിതം) ആയി പ്രൊമോഷൻ നല്കിയതിനെ തുടർന്നുണ്ടായ ഒഴിവിൽ ഹർജിക്കാരിയെ 16/08/2021 തീയതിയിൽ മാനേജർ പുനർനിയമിച്ചു.

**7.** ഹയർ സെക്കൻഡറിയിലെ അധ്യാപക-അനധ്യാപകർക്കു 51A അവകാശം നൽകുന്നതിന് ചട്ടത്തിൽ പ്രത്യേക പരാമർശം ഇല്ലെങ്കിൽ കൂടി 51A അവകാശമുണ്ടെന്ന് ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധിയുള്ളതിനാൽ, വ്യക്തിഗത കേസുകളിൽ അവരവരുടെ മുൻകാല അംഗീകൃത സർവ്വീസ് കണക്കിലെടുത്ത് 51 A അവകാശിയായി കണക്കാക്കി ഭിന്നശേഷി സംവരണം ബാധകമാക്കാതെ മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ നിയമനാംഗീകാരം നൽകാവുന്നതാണ്.

**8.** മേൽ സാഹചര്യത്തിൽ, ഹർജിക്കാരിയുടെ LWA വേക്കൻസിയിലുള്ള

13/07/2011 മുതൽ 25/09/2015 വരെയുള്ള എച്ച്.എസ്.എസ്.റ്റി. ജൂനിയർ (ഗണിതം) തസ്തികയിലെ നിയമനാംഗീകാരം പരിഗണിച്ച്, 51 എ അവകാശിയായി കണക്കാക്കി, ഭിന്നശേഷി സംവരണം ബാധകമാക്കാതെ, ഹർജിക്കാരിയുടെ 16/08/2021 മുതലുള്ള എച്ച്.എസ്.എസ്.റ്റി. ജൂനിയർ (ഗണിതം) തസ്തികയിലെ നേരിട്ടുള്ള നിയമനത്തിന് മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ നിയമനാംഗീകാരം നൽകുന്നതിന് ചെങ്ങന്നൂർ മേഖല ഉപമേധാവിക്ക് നിർദ്ദേശം നല്കി, അപ്രകാരം ബഹു:കേരള ഹൈക്കോടതിയുടെ റിട്ട് ഹർജി 42804/2023-ന്മേലുള്ള 19/12/2023 തീയതിയിലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം)
ശ്രീമതി സജിത വി.നായർ, എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഗണിതം,
എസ്.വി.ജി.വി. എച്ച്.എസ്.എസ്. കിടങ്ങന്നൂർ,
നാൽക്കാലിക്കൽ പി.ഒ., പത്തനംതിട്ട-689 533.
മാനേജർ, എസ്.വി.ജി.വി. എച്ച്.എസ്.എസ്. കിടങ്ങന്നൂർ,
നാൽക്കാലിക്കൽ പി.ഒ., പത്തനംതിട്ട-689 533.
പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കൻഡറി വിഭാഗം),
തിരുവനന്തപുരം-695 001.
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ (ഹയർ സെക്കൻഡറി വിദ്യാഭ്യാസം),
ചെങ്ങന്നൂർ, ആലപ്പുഴ-689 121.
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ്. (09.05.2024-ലെ ജെ.എ2/147 /2024/പൊ.വി.വ. പ്രകാരം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ. (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/1/2024/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Anil Kumar P
Date: 15-07-2024 10:32:47
സെക്ഷൻ ഓഫീസർ